15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690 | 02-02-2023 - ൽ മറുപടിയ്ക്ക്

കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വൈദ്യുതി നിയമം 2003-ലെ 45,62,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇത് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടില്ല.<br><br>ആർ.ഡി.എസ്.എസ്.പദ്ധതിയിൽ പ്രീ പേയ്മെന്റ് സംവിധാനത്തോടു കൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. താരിഫിലെ മാറ്റങ്ങൾ സംബന്ധിച്ചുള്ള നയപരമായ തീരുമാനങ്ങൾ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെയാകും തീരുമാനിക്കുക. |
| (ബി) | കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ വൈകുന്നേരം 6 മുതൽ 10 വരെയുള്ള സമയങ്ങളിലെ വൈദ്യുതി ഉപഭോഗത്തിന് ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; സാധാരണക്കാരായ ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പെറ്റീഷനുകൾ ഒന്നും തന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.<br><br>നിലവിൽ വൈകുന്നേരം 6 മുതൽ 10 വരെയുള്ള സമയങ്ങളിലെ വൈദ്യുതി ഉപഭോഗത്തിനു നിരക്ക് കൂട്ടുന്നതിനുള്ള തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ആർ.ഡി.എസ്.എസ്.പദ്ധതിയുടെ ആദ്യ ഘട്ട പദ്ധതി നടത്തിപ്പിനായി നാമനിർദ്ദേശ വകുപ്പ് പ്രകാരം കേന്ദ്ര പൊതു മേഖല സ്ഥാപനമായ RECPDCL നെ പ്രൊജക്റ്റ് ഇമ്പ്ലിമെന്റേഷൻ ഏജൻസി (PIA) ആയി KSEBL നിയമിച്ചിട്ടുണ്ടെങ്കിലും വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നു വരുന്നതിനാൽ ഇതുവരെ കരാർ ഒപ്പിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ